# നീര ഉത്പാദനം: നിയമഭേദഗതി ഉത്തരവായെന്ന് മന്ത്രി

**കൊച്ചി:** നീര ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതി അംഗീകരിച്ച് ഉത്തരവായതായി മന്ത്രി കെ. ബാബു. ഇത് സംബന്ധിച്ച കരട് വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകിയിരിക്കുന്നതായി മന്ത്രി പത്രക്കുറിപ്പിൽ പറഞ്ഞു. അബ്കാരി നിയമത്തിൽ കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് 2014 നിയമഭേദഗതി വരുത്തുന്നതിന് കഴിഞ്ഞ സപ്തംബർ 15 ന് ചേർന്ന മന്ത്രിസഭാ യോഗം തിരുമാനിച്ചിരുന്നു. എന്നാൽ എക്സൈസ് വകുപ്പ് മന്ത്രിസഭാ യോഗ തിരുമാനം നടപ്പിലാക്കുന്നതിൽ മനപ്പൂർവ്വം കാലതാമസം വരുത്തുകയായിരുന്നുവെന്നാണ് ആക്ഷേപം. ഇത് സംബന്ധിച്ച് മാധ്യമങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ വാർത്ത വന്നിരുന്നു.

മന്ത്രിസഭാ യോഗത്തിൽ അംഗീകരിക്കാത്ത കാര്യങ്ങൾ നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായാണ് വിവരം. നീര ഉത്പാദകർ നിശ്ചിത എണ്ണം തെങ്ങുകളിൽ മാത്രമേ കയറാവൂ എന്നും ഇവർ കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കണമെന്ന് നിർദേശമുള്ളതായുമാണ് വിവരം. നീരയിൽ മദ്യത്തിന്റെ അംശം ഇല്ലെന്നിരിക്കെ ഉത്പന്നത്തിന് വിപണിയിൽ സ്വീകാര്യത നഷ്ടപ്പെടാൻ മാത്രമേ ഇത് സഹായകരമാകൂ.

നീര വിപണനത്തിലൂടെ പ്രതിവർഷം 4000 കോടിയോളം രൂപ സംസ്ഥാന സർക്കാറിന് വരുമാനമുണ്ടാക്കാമെന്നാണ് കാർഷിക സർവകലാശാല നടത്തിയ പഠനത്തിൽ പറയുന്നത്. അയൽ സംസ്ഥാനങ്ങൾ നേരത്തേ തന്നെ നീര ഉത്പാദനം ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാനം പിന്നാക്കം പോകുന്നത് പ്രതിഷേധത്തിനിടയാക്കി.